# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 06/09/2021

## യുവതിയെ ബലാൽസംഗം ചെയ്ത അറുപത്തിരണ്ട്കാരൻ അറസ്റ്റിൽ

കൊല്ലം : യുവതിയെ ബലാൽസംഗം ചെയ്ത അറുപത്തിരണ്ട്കാരൻ ശക്തികുളങ്ങര പോലീസിന്റെ പിടിയിലായി. നെടുമ്പന ഐശ്വര്യ ഭവനം വീട്ടിൽ നാണു മകൻ രവീന്ദ്രൻ (62) നെയാണ് അറസ്റ്റ് ചെയ്തത്. കൊല്ലത്തെ പ്രമുഖ ദേശസൽകൃത ബാങ്കിൽ നിന്നും വിരമിച്ച ഇയാൾ ബാങ്കിലെ താൽക്കാലിക ജീവനക്കാരിയായ മുപ്പത്തിനാലുകാരിയെ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിക്കുകയായിരുന്നു. ബാങ്കിലെ പരിചയം മുതലെടുത്ത് ഇയാൾ ശക്തികുളങ്ങര മരുത്തടിയിൽ ബാങ്ക് ജപ്തി ചെയ്ത വീട്ടിൽ വൃത്തിയാക്കനെന്ന് ധരിപ്പിച്ച് യുവതിയെ കൊണ്ട് പോയി ബലാൽസംഗം ചെയ്യുകയായിരുന്നു. സംഭവത്തെ തുടർന്ന് യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ഇയാളെ പോലീസ് അറസ്റ്റ് ചെയ്തത്. ശക്തികുളങ്ങര ഇൻസ്പെകടർ ബിജു.യു, എസ്സ്.ഐമാരായ ഷാജഹാൻ. ജെ, എ.എസ്സ്.ഐ ഡാർവിൻ, സി.പി.ഓ ഹാഷിം എന്നിവരടങ്ങിയ സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഇയാളെ റിമാന്റ് ചെയ്തു.




## യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ചിട്ട് ഒളിവിലായിരുന്നവർ അറസ്റ്റിൽ

കൊല്ലം : സുഹൃത്തിനെ ആക്രമിച്ചതിന് കേസ് കൊടുത്ത വിരോധത്തിൽ യുവാവിനെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ അംഗങ്ങൾ പോലീസ് പിടിയിലായി. ശൂരനാട് തെക്ക് വില്ലേജിൽ കന്നിമേൽ കിടങ്ങയം നിഷാദ് മൻസിലിൽ നിസ്സാം മകൻ നിഷാദ്(19), ശൂരനാട് തെക്ക് ഇരവിച്ചിറ നടുവിൽ, കായിപ്പുറത്ത് വീട്ടിൽ ഷൗക്കത്ത് മകൻ ഷഹാനസ് (22) എന്നിവരാണ് കരുനാഗപ്പള്ളി പോലീസിന്റെ പിടിയിലായത്. കഴിഞ്ഞ ജൂലൈ പത്തിന് തൊടിയൂർ സൈക്കിൾ മുക്കിൽ വച്ച് ബിജോ യോഹന്നനാൻ എന്നയാളിനെ വടിവാൾ വച്ച് തലയ്ക്ക് വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ അംഗങ്ങളാണ് പോലീസ് പിടിയിലായത്. തലയ്ക്ക് ഗുരുതരമായ മുറിവും വാരിയെല്ലുകൾക്ക് പൊട്ടലുമേറ്റ യുവാവിനെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിന് ശേഷം ഒളിവിൽ പേയ പ്രതികളിൽ രണ്ട് പേരെ മുൻപ് പോലീസ് പിടികൂടിയിരുന്നു. തുടർന്ന് പ്രതികൾ കരുനാഗപ്പള്ളി കെ.എസ്സ്.ആർ.ടി.സി സ്റ്റാൻഡിൽ എത്തിയതായിസിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ്സിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ പ്രതികൾ പിടിയിലാകുകയായിരുന്നു. കരുനാഗപ്പള്ളി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ഷൈനു തോമസിന്റെ നേതൃത്വത്തിൽ ഇൻസ്പെകടർ ഗോപകുമാർ.ജി എസ്സ്. ഐമാരായ ജോൺസ് രാജ്, അലോഷ്യസ്, ജയശങ്കർ, ജയകുമാർ, എ.എസ്സ്.ഐ ഷാജിമോൻ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. ഇവരെ റിമാന്റ് ചെയ്തു.

